
സാമൂതിരി രാജ വക
ശ്രീവളയനാട് ദേവസ്വം
കൊമ്മേരി. പി.ഒ, കോഴിക്കോട് - 673007.
ഫോൺ : 0495 2741083, 8281599983
sreevalayanadtemple@gmail.com
നവരാത്രി ആഘോഷ
പരിപാടികൾ
2026 ഒക്ടോബർ 11 മുതൽ 21 കൂടി
ഒക്ടോബർ 12 മുതൽ വിവിധ കലാപരിപാടികളോടെ ആഘോഷിക്കുന്നു.

ഭക്തജനങ്ങളെ,

ശ്രീ വളയനാട് ദേവി ക്ഷേത്രത്തിലെ ഈ വർഷത്തെ നവരാത്രി മഹോത്സവം ഒക്ടോബർ 11 മുതൽ ആഘോഷിക്കുന്ന വിവരം സസന്തോഷം അറിയിക്കുകയും, സ്നേഹപൂർവ്വം സ്വാഗതം അരുളുകയും ചെയ്തുകൊള്ളുന്നു. ക്ഷേത്രത്തിലെ വിശേഷാൽ പൂജകൾക്കു പുറമെ ഒക്ടോബർ 12 മുതൽ രാവിലെയും വൈകീട്ടും നവരാത്രി മണ്ഡപത്തിൽ (വടക്കെനട പുറത്തെ സ്റ്റേജ്) കലാപരിപാടികളും നടക്കുന്നു. ഒക്ടോബർ 19, 20, 21 തീയതികളിൽ (21ന് രാവിലെ മാത്രം) രാവിലെ 7.30നും, വൈകീട്ട് 4.45നും, രാത്രിയിലും പ്രഗത്ഭ വാദ്യകലാകാരന്മാർ അണിനിരക്കുന്ന മേളത്തോടെ ആനപ്പുറത്ത് തിടമ്പേറ്റി ശീവേലി എഴുന്നള്ളിപ്പുകളും നടക്കുന്നു. 19നും 20നും ഡബിൾ തായമ്പകയും, 20ന് രാവിലെ മുചുകുന്ന് ബ്രദേർസ് അവതരിപ്പിക്കുന്ന ഓട്ടൻതുള്ളലും, 21ന് രാവിലെ 7.30ന് സരസ്വതീ പൂജയോടെ വട്ടോളി ഇല്ലത്ത് ശ്രീ. കുഞ്ഞിശങ്കരൻ മൂസ്സതിന്റെ കാർമ്മികത്വത്തിൽ ശ്രീ വളയനാട് ക്ഷേത്രത്തിൽ കുട്ടികളെ എഴുത്തിനിരുത്തുന്നു. താൽപര്യമുള്ള രക്ഷിതാക്കൾക്ക് സ്വന്തം കുട്ടികളെ എഴുത്തിനിരുത്താനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. മഹാനവമി ഒക്ടോ. 20ന് വൈകീട്ട് ക്ഷേത്രത്തിൽ നടക്കുന്ന സരസ്വതീപൂജയും, 21ന് രാവിലെ നടക്കുന്ന സർവ്വൈശ്വര്യപൂജയോടെയുള്ള വിദ്യാരംഭവും വിദ്യാവിലാസിനിയായ സരസ്വതീദേവിയുടെ അനുഗ്രഹത്തിനും, വിദ്യാഭ്യാസ ഉന്നതിക്കും വളരെ ഉത്തമമായ വഴിപാടാണ്. എല്ലാ ഭക്തജനങ്ങളേയും വളയനാട്ടമ്മയുടെ സന്നിധിയിലേക്ക് ഭക്തിപൂർവ്വം സ്വാഗതം ചെയ്തുകൊള്ളുന്നു.

സാമൂതിരിരാജ
(ക്ഷേത്രം ട്രസ്റ്റി)

എക്സിക്യൂട്ടീവ് ഓഫീസർ /
ജീവനക്കാർ

- പുസ്തകം പൂജിക്കേണ്ടവർ വൃത്തിയായി പാക്ക് ചെയ്ത് സ്വന്തം മേൽവിലാസവും ഫോൺ നമ്പറും വ്യത്തിയായി എഴുതി 18.10.26ന് വൈകീട്ട് ക്ഷേത്രത്തിൽ എത്തിക്കേണ്ടതാണ്.
- കുട്ടികളെ എഴുത്തിനിരുത്തേണ്ടവർ ക്ഷേത്ര കൗണ്ടറുകളിൽ നിന്നും മുൻകൂട്ടി രസീത് എടുക്കേണ്ടതാണ്. 21ന് രാവിലെ 7 മണി മുതൽ ക്ഷേത്രം വടക്കെ നടയിലെ നവരാത്രി മണ്ഡപത്തിന് സമീപത്ത് നിന്നും വിദ്യാരംഭത്തിനുള്ള ടോക്കൺ നൽകുന്നതാണ്.

(ഒക്ടോ. 20) മഹാനവമി — വൈകീട്ട് സരസ്വതീപൂജ - 150/- രൂപ

(ഒക്ടോ. 21) വിദ്യാരംഭം - 30/- രൂപ — സർവ്വൈശ്വര്യ പൂജ - 70/- രൂപ

നവരാത്രി ആഘോഷം 2026

വിശേഷാൽ പൂജകൾ, ശിവേലി എഴുന്നള്ളിപ്പ്, കലാപരിപാടികൾ,
നൃത്താർച്ചന, തായമ്പക, ഓട്ടൻതുള്ളൽ,
കുട്ടികളെ എഴുത്തിനിരുത്തൽ

ॐ



12-ാമത് ദേശീയ ക്ഷേത്ര അഖണ്ഡ ശാസ്ത്രീയ നൃത്തോത്സവം

ഒക്ടോബർ 18ന് കൊയിലാണ്ടിയിലെ ഭരതാഞ്ജലി പെർഫോമിംഗ് ആർട്ട് സെന്ററിന്റെ ഡോ. ഭരതാഞ്ജലി മധുസൂദനൻ മാസ്റ്ററുടെ സഹകരണത്തോടെ രാവിലെ മുതൽ വൈകീട്ട് വരെ 12-ാമത് ദേശീയ ക്ഷേത്ര അഖണ്ഡ നൃത്തോത്സവം നടക്കുന്നു. നൃത്തോത്സവത്തിൽ കേരളത്തിനകത്തും പുറത്തുമുള്ള പ്രഗത്ഭ നർത്തകർ വിവിധ ശാസ്ത്രീയ നൃത്തയിനങ്ങളിൽ പങ്കെടുത്ത് നൃത്തം ചെയ്യുന്നു.







മേളപ്രമാണം : **ശ്രീ. കലാമണ്ഡലം ശിവദാസ് മാരാർ**
വിശേഷാൽ വാദ്യം : **ശ്രീ. വളയനാട് ദേവദാസ്**
ഓട്ടൻതുള്ളൽ : **മുചുകുന്ന് ബ്രദേർസ്**

ഡബിൾ തായമ്പക

ഒക്ടോ. 19 : **ശ്രീ. കാഞ്ഞിലശ്ശേരി പത്മനാഭൻ & ശ്രീ. വളയനാട് ദേവദാസ്**
ഒക്ടോ. 20 : **ശ്രീ. വിഷ്ണു കൊരയങ്ങാട് & കലാമണ്ഡലം ഹരികൃഷ്ണൻ**





ॐ **ഒക്ടോ. 20 രാവിലെ 9 മുതൽ ഉച്ചക്ക് 1 മണി വരെ മാതൃഭൂമി ദാണ്ഡിയ നൃത്തമത്സരം.**